# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 574 28.02.2017- ൽ മറുപടിക്ക്**

## "വ്യാപാർ 2017 "

**ചോദ്യം**

ശ്രീ.കെ.വി.അബ്ദുൾ ഖാദർ
,, റ്റി.വി.രാജേഷ്
,, കെ. കെ. രാമചന്ദ്രൻ നായർ
,, എം. സ്വരാജ്

**ഉത്തരം**

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ വ്യവസായങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും നിക്ഷേപകരിൽ താൽപര്യം സൃഷ്ടിക്കുന്നതിനും അതുവഴി സാമ്പത്തിക വളർച്ച വർദ്ധിപ്പിക്കുന്നതിനുമായി വ്യാപാർ 2017 എന്ന പേരിൽ ബിസിനസ് മീറ്റ് സംഘടിപ്പിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ), ബി) & സി) | സംസ്ഥാനത്തിന്റെ വ്യാവസായിക ഉൽപ്പാദനക്ഷമത പ്രദർശിപ്പിക്കുക, ബ്രാൻഡ് ചെയ്തതും അല്ലാത്തതുമായ ഉൽപ്പന്നങ്ങളെ വിപണിയിൽ അവതരിപ്പിക്കുക, നിലവിലുള്ള വ്യവസായങ്ങളെ നിലനിർത്തുകയും വളർച്ച ത്വരിതപ്പെടുത്തുകയും ചെയ്യുക, നിക്ഷേപകരിൽ താല്പര്യം സൃഷ്ടിക്കുക, സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഭക്ഷ്യ സംസ്കരണം, കൈത്തറി/ ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, കയർ ഉൽപ്പന്നങ്ങൾ, ആയുർവേദ&ഹെർബൽ, ഇലക്ട്രിക്കൽ&ഇലക്ട്രോണിക്സ്, കരകൗശലം/മുള പോലുള്ള പരമ്പരാഗത മേഖല എന്നിങ്ങനെയുള്ള ഏഴ് മേഖലകളിലെ വ്യാവസായിക ഉല്പന്നങ്ങളുടേയും സാങ്കേതിക വിദ്യകളുടേയും പ്രദർശനം ഉൾപ്പെടുത്തി 2017 ഫെബ്രുവരി 2 മുതൽ 4 വരെ 'വ്യാപാർ 2017' എന്ന പേരിൽ ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് കൊച്ചിയിൽ സംഘടിപ്പിച്ചു. |
| ബി) | ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | | |
| സി) | ഏതെല്ലാം മേഖലകളിലെ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യയുമാണ് ഇതിലൂടെ പരിപോഷിപ്പിക്കപ്പെടുന്നതെന്ന് വിശദമാക്കുമോ; | | |
| ഡി) | പ്രസ്തുത ബിസിനസ് മീറ്റിലേക്ക് സംരംഭകരെ ആകർഷിക്കുന്നതിനും മികച്ച സംരംഭകരെ തെരഞ്ഞെടുക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ഡി) | വ്യാപാർ 2017 ൽ പങ്കാളികളായ സംരംഭങ്ങളെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയാണ് തിരഞ്ഞെടുത്തത്. അതത് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി സംസ്ഥാനത്തിനകത്തെ വിവിധ ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത ചെറുകിട വ്യവസായ യൂണിറ്റുകളുടെ |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷനും, പങ്കാളിത്തവും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഉറപ്പ് വരുത്തുകയും, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ അദ്ധ്യക്ഷനായ തെരഞ്ഞെടുപ്പ് സമിതി ഈ ഏഴ് മേഖലയിൽ നിന്നും വ്യാപാർ 2017 മീറ്റിലേക്ക് 200 ചെറുകിട വ്യവസായ യൂണിറ്റുകളെ തെരഞ്ഞെടുക്കുകയും ചെയ്യു. |

സെക്ഷൻ ഓഫീസർ